(ബി) എന്തു പലിശക്കാണ് പണം കൊടുത്തിരിക്കുന്നത്;
(സി) ഗവണ്മെണ്ടെടുത്തിട്ടുള്ള ഷെയറിന്റെ ആകെ തുക എത്ര;
(ഡി) ഒരു ഷെയറിന്റെ ഇപ്പോഴത്തെ വിലയെന്താണ്?

വ്യവസായവും ഫിഷറീസും തദ്ദേശസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ കുഞ്ഞുരാമൻ):

(എ) ഒന്നു ലക്ഷം രൂപാ.
(ബി) 8 ശതമാനം.
(സി) 10 ലക്ഷം രൂപാ.
(ഡി) പ്രിഫറൻസ് ഷെയറിന് 4 രൂപയും, സാധാരണ ഷെയറിന് 8 രൂപയും.

പണപ്പിരിവ്

* 478. (നം 6) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സഭയിൽ മറുപടി നൽകുമോ.—

കൊടുങ്ങല്ലൂർ താലൂക്കിൽ ശ്രീംഗപുരം തോട്ടിൽ വഞ്ചികം കടത്തിയിട്ടുന്നതിനു പണം പിരിക്കുവാൻ ഏറ്റിരിക്കുന്ന തോട്ടം ലേലക്കാരൻ വഞ്ചിക്കാരോട് അക്രമമായിട്ടാണ് പണം പിരിക്കുന്നതെന്നു 26—9—1950-ലെ എക്സ്പ്രസ്സ് പത്രത്തിൽ കണ്ട റിപ്പോർട്ടിനെക്കുറിച്ചു ഗവണ്മെണ്ട് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഗവണ്മെണ്ടു നടപടി നടത്തിയിട്ടില്ല. കലക്ടർ നടപടി നടത്തിയിട്ടുണ്ടോ എന്നന്വേഷിക്കുന്നുണ്ട്.

Questions posted for answer on 28—10—1950

നാരായണമംഗലം റോഡു പണി

* 479. (നുവ) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂരിലെ നാരായണമംഗലം റോഡുപണിക്ക് അനുവദിച്ചിരിക്കുന്ന സംഖ്യയെത്ര;
(ബി) അതിൽ എത്ര സംഖ്യ ചിലവുചെയ്തു;
(സി) വേല പൂർത്തിയായോ?

പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): (എ) മുതൽ (സി) വരെ) പൊതുമരാമത്തുവകുപ്പു ഡിപ്പാർട്ടുമെണ്ടിന്റെ മേൽനോട്ടത്തിലല്ല ഈ പണി നടക്കുന്നതു. പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിന്റെ അധീനത്തിലാണ് ഈ പണി നടന്നുവരുന്നതു.

കടലാക്രമണംകൊണ്ടുള്ള നഷ്ടം

* 480. (൭൦) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ.—

(എ) മകരം 27-ാംനു രാത്രിയിലുണ്ടായ കടലാക്രമണംമൂലം കൊടുങ്ങല്ലൂരിലെ ചില മത്സ്യത്തൊഴിലാളികളുടെ വഞ്ചികൾക്കും മറ്റും കേടുപാടുകൾ സംഭവിച്ചു വിവരം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പതിഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly